# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## സ്കൂൾ തലം

ജി.എം.എൽ.പി.എസ്
കൽപകഞ്ചേരി

## ആമുഖം

### പൊതു വിദ്യാലയങ്ങൾ - മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിന്റെ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ച് പുതുതായി നടപ്പിലാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായകരമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപന ചെയ്തിരിക്കുന്നത്.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

ജി. എം. എൽ. പി. സ്കൂൾ കൽപകഞ്ചേരി.

മലപ്പുറം ജില്ലയിലെ തിരൂർ വിദ്യാഭ്യാസ ജില്ലയിലെ കുറ്റിപ്പുറം ഉപജില്ലയിലെ കൽപകഞ്ചേരി ഗ്രാമ പഞ്ചായത്തിലാണ്. ജി. എം. എൽ. പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഇത് ഒരു ഗവൺമെന്റ് വിദ്യാലയമാണ് എന്നിരുന്നാലും ഇതൊരു വാടക കെട്ടിടത്തിലാണ് സ്ഥിതിചെയ്യുന്നത്. 1911-ൽ ആണ് ഈ വിദ്യാലയം ആരംഭിച്ചത്.

നൂറ് വർഷത്തിലധികം പാരമ്പര്യമുള്ള ഈ സ്കൂൾ നിരവധി തലമുറകൾക്ക് അറിവ് പകർന്നു നൽകുകയും. സമൂഹത്തിലെ ഉന്നത വ്യക്തിത്വങ്ങളെ വാർത്തെടുക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു.

സ്കൂളിന്റെ എല്ലാ ആവശ്യങ്ങൾക്കും നിലവിലെ P.TA യും രക്ഷിതാക്കളും നാട്ടുകാരും അകമഴിഞ്ഞ പിന്തുണ നൽകുന്നത് ഏറെ സന്തോഷമാണ്.

# അടിസ്ഥാന വിവരങ്ങൾ.

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ജി. എം. എൽ. പി. സ്കൂൾ കൽപകഞ്ചേരി. |
| മേൽവിലാസം | : | കൽപകഞ്ചേരി<br>ചിന്നംപടി<br>മലപ്പുറം. |
| ഫോൺ | : | 7902279972. |
| സ്കൂൾ കോഡ് | : | 19315 |
| വിദ്യാഭ്യാസ ഉപജില്ല | : | കുറ്റിപ്പുറം. |
| വിദ്യാഭ്യാസ ജില്ല | : | തിരൂർ |
| റവന്യൂ ജില്ല | : | മലപ്പുറം. |
| ബി. ആർ. സി | : | കുറ്റിപ്പുറം. |
| ഗ്രാമ പഞ്ചായത്ത് | : | കൽപകഞ്ചേരി. |
| ബ്ലോക്ക് പഞ്ചായത്ത് | : | കുറ്റിപ്പുറം. |
| ജില്ലാ പഞ്ചായത്ത് | : | മലപ്പുറം. |
| നിയമസഭാ മണ്ഡലം | : | തിരൂർ |
| ലോകസഭാ മണ്ഡലം | : | പൊന്നാനി. |
| താലൂക്ക് | : | തിരൂർ |
| വില്ലേജ് | : | കൽപകഞ്ചേരി. |
| ഇ-മെയിൽ വിലാസം | : | hmgmlps kalpakanchery@gmail.com |

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

3. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കുക.

## ലക്ഷ്യങ്ങൾ

### ഭാഷ

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയ വിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
4. മികച്ച വായനാശീലം വളർത്തുക.

### ഇംഗ്ലീഷ്

1. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
2. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
3. ക്ലാസ്സ് തല വായന മൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

## E.V.S

1. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ
2. ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
3. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
2. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്ന് ഉറപ്പാക്കുക
3. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

ഐ. സി. ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തൽ
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

കലാ - കായിക പ്രവൃത്തി പരിചയ വിദ്യാഭ്യാസം

1. ഇതര വിഷയങ്ങളുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക.
2. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
3. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.

## അറബിക്.

1. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന അറബിഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.

2. ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറിയിലൊരുക്കുക.